ഐസി.5-10371/18.

ചീഫ്എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി.-28-3-2018.

# നോട്ടീസ്.

വിഷയം- ഇറിഗേഷൻ സീനിയോറിറ്റിസെൽ-ശ്രീ.റോബിൻ എം.ഫെർണാണ്ടസ് ഹെഡ്ക്ലാർക്കിന്റെ പേര് ഹെഡ്ക്ലാർക്കുമാരുടെ 1/7/15-ലെ ഏകീകരിച്ച അന്തിമ മുൻഗണനാ പട്ടികയുൾപ്പെടുത്തുന്നത്-സംബന്ധിച്ച്.

ഹെഡ്ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി, ക്വാളിറ്റികൺട്രോൾഡിവിഷൻ കൊട്ടാരക്കരയിലെ ഹെഡ്ക്ലാർക്ക് ശ്രീ.റോബിൻ എം.ഫെർണാണ്ടസിന്റെ സർവ്വീസ്കാർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിലെ 20/11/10-ലെ ബി2-3002/10-ാം നമ്പർ ഉത്തരവ് പ്രകാരം ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച് 24/2/2011-ൽ ടി. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാളുടെ പേര് ഹെഡ്ക്ലാർക്കുമാരുടെ 1/8/07 മുതൽ 31/3/13 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നം. 127 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 1/2/2011 മുതൽ 30/11/17 വരെ ശ്യൂന്യവേതനാവധിയിലായിരുന്ന ടിയാൻ 1/12/17 ലാണ് തിരികെ ജോലിയിൽ പ്രവേശിച്ചത്. 1/7/15-ൽ ഹെഡ്ക്ലാർക്കുമാരുടെ മുൻഗണനാ പട്ടിക ഏകീകരിച്ചു പ്രസിദ്ധീകരിച്ചപ്പോൾ ടിയാന്റെ പേര് പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. 1/7/2015-ലെ മുൻഗണനാ പട്ടികയിൽ 26/4/2011 മുതൽ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 20/11/2010-ൽ സ്ഥാനക്കയറ്റം ലഭിച്ച ടിയാന്റെ പേര്, ടി. പട്ടികയിൽ ക്രമ .നം.1 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. എം. ഒ. ശിവകുമാറിന്റെ പേരിനു മുൻപിലായി ഉൾപ്പെടുത്താവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ടിയാനെ, ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ളവർ,വ്യക്തമായ തെളിവുകൾ സഹിതം അവരുടെ പരാതികൾ ഉചിത മാർഗ്ഗേണ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അപ്പീലുകൾ സമർപ്പിക്കേണ്ട സമയപരിധി നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതു മുതൽ 15 ദിവസം വരെയാണ്. ടി. കാലയളവിനുള്ളിൽ പരാതികളൊന്നും ലഭിച്ചില്ലായെങ്കിൽ, ഹെഡ്ക്ലാർക്കുമാരുടെ മുൻഗണനാപട്ടികയിൽശ്രീ.റോബിൻ എം. ഫെർണാണ്ടസിന്റെ പേര് ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ്- എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഐ.ടി.സെൽ ഇറിഗേഷൻ.